Draft #231 of File 26895/AD A1/3/2021/AD A1 - Part (1) Approved by ASSISTANT REGISTRAR I (ADMIN) on 11-Sep-2026 04:18 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നമ്പർ. 26895/AD A1/3/2021/AD A1 - Part (1)

തീയതി: 11.09.2026

പ്രിയദർശിനി ഹിൽസ്,

## സർക്കുലർ

വിഷയം:- സെക്ഷനുകളിൽ നിന്നുള്ള കത്തുകൾ/സർക്കുലറുകൾ/ സർവകലാശാലാ ഉത്തരവുകൾ എന്നിവയുടെ വിതരണം സംബന്ധിച്ച -മാർഗ്ഗനിർദ്ദേശങ്ങൾ

സൂചന :- വൈസ് ചാൻസലറുടെ 08.09.2026 തീയതിയിലെ രജിസ്ട്രാർക്കുള്ള കുറിപ്പ് നം. വി.സി. 702/1/123/2026

വൈസ് ചാൻസലറും ബ്രാഞ്ച് ഓഫീസർമാരും നൽകുന്ന തപാലുകൾ, കത്തുകൾ, കുറിപ്പുകൾ തുടങ്ങിയവ വിവിധ സെക്ഷനുകൾ അതേ രീതിയിൽത്തന്നെ സെക്ഷനുകൾക്കും പഠനവകുപ്പുകൾക്കും കോളേജുകൾക്കും സർക്കുലേറ്റ് ചെയ്യുന്നതായും, സർവകലാശാലാ ഉത്തരവുകളുടെയും സിൻഡിക്കേറ്റ് കുറിപ്പുകളുടെയും ഭാഗമായി അംഗീകാരത്തിന് സമർപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. വിവരാവകാശ നിയമപ്രകാരം നൽകുന്ന മറുപടികൾ, കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് എന്നിവ ഒഴികെയുള്ള എല്ലാ സാഹചര്യങ്ങളിലും, സെക്ഷനുകൾ തപാലുകൾ, കത്തുകൾ, കുറിപ്പുകൾ തുടങ്ങിയവ വിശദമായി പരിശോധിച്ച് അതിന്റെ സംക്ഷിപ്തരൂപം ഉൾക്കൊള്ളിച്ച് കത്ത്/സർക്കുലർ/സർവകലാശാലാ ഉത്തരവ് ആയി പുറപ്പെടുവിച്ച് ബന്ധപ്പെട്ട സെക്ഷനുകൾ / വ്യക്തികൾ / സ്ഥാപനങ്ങൾ /കോളേജുകൾ / പഠനവകുപ്പുകൾക്ക് നൽകേണ്ടതും, ബ്രാഞ്ച് ഓഫീസർമാർ മാർക്ക് ചെയ്ത് നൽകുന്ന തപാലുകൾ / ഇൻവേർഡുകൾ തുടങ്ങിയവയുടെ ഉള്ളടക്കം, സെക്ഷനുകൾ ടൈപ്പ് ചെയ്ത് സർവകലാശാലാ ഉത്തരവുകൾ, സിൻഡിക്കേറ്റ് കുറിപ്പുകൾ തുടങ്ങിയവയോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

കൂടാതെ, ഭരണകാര്യവുമായി ബന്ധപ്പെട്ട എല്ലാ പൊതുവായ ഉത്തരവുകളും എഡി. എ1 സെക്ഷനും, അക്കാദമിക വിഷയങ്ങളുമായി ബന്ധപ്പെട്ട പൊതുവായ ഉത്തരവുകൾ എസി.എ1 സെക്ഷനും, FYUGP-യുമായി ബന്ധപ്പെട്ട ഉത്തരവുകൾ എസി. എ 16 സെക്ഷനും, മറ്റ് വിഷയങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകൾ അതത് സെക്ഷനുകളും പുറപ്പെടുവിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

**ബിനോയ് സെബാസ്റ്റ്യൻ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/പഠനവകുപ്പുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/അക്കാദമിക വിഭാഗം/പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. പി.ആർ.ഒ./സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #231 of File 26895/AD A1/3/2021/AD A1 - Part (1) Approved by ASSISTANT REGISTRAR I (ADMIN) on 11-Sep-2026 04:18 PM - Page 2

The document is digitally approved. Hence signature is not needed.